# നിങ്ങളുടെ കുട്ടിയുടെ കുത്തിവെയ്പുകളെ കുറിച്ചുള്ള പ്രധാനപ്പെട്ട ഒരു ആരോഗ്യ അറിയിപ്പാണ് ഇത്

ഒൻറാരിയോയുടെ കുത്തിവെയ്പ് ചട്ടങ്ങൾ അനുസരിച്ച് നിങ്ങളുടെ കുട്ടിക്കു നൽകിയ കുത്തി വെയ്പ് (പ്രതിരോധ) വിവരങ്ങളുടെ തെളിവ് നിയമപരമായി പീൽ പബ്ളികിൻെറ വശം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. നിങ്ങളടെ കുട്ടിയുടെ കുത്തിവെയ്പു വിവരങ്ങൾ പീൽ ഹെൽത്തിൻെറ വശം ഇല്ലാ അഥവാ നിങ്ങളുടെ മകൻെറയോ/മകളുടെയോ റിക്കോർഡ് ഒൻറാരിയോയുടെ ചട്ടങ്ങൾ അനുസരിച്ച് പൂർണമല്ല.

നിങ്ങളുടെ കുടുംബ ഡോക്ടർ കുട്ടിയുടെ കുത്തിവെയ്പ് വിവരങ്ങൾ പീൽ പബ്ളിക് ഹെൽത്തിൽ അറിയിക്കുന്നതല്ല. മാതാപിതാവ് (രക്ഷകർത്താവ്) എന്ന നിലയിൽ നിങ്ങളാണ് നിങ്ങളുടെ കുട്ടിയുടെ കൂത്തിവയ്പ് വിവരങ്ങൾ ഞങ്ങൾക്ക് തരേണ്ടത്.

## ആവശ്യം വേണ്ട കുത്തിവെയ്പുകൾ

18 വയസിനു താഴെയുള്ള എല്ലാകുട്ടികൾക്കും താഴെപറയുന്ന കുത്തിവെയ്പുകളും ബൂസ്റ്ററുകളും നൽകിയിരിക്കണം.

- ഡിഫ്റ്റീരിയാ
- പോളിയോ
- ടെറ്റനസ് (ലോക്ക്ജോ എന്നപേരിലും അറിയപ്പെടും)
- മീസിൽസ്
- മംപ്സ്
- റുബെല്ലാ (ജർമ്മൻ മീസിൽസ് എന്ന പേരിലും അറിയപ്പെടും)

ക്രത്യമായ കുത്തിവെയ്പുകൾ ക്രത്യമായ സമയത്ത് കുട്ടികൾക്ക് ലഭിച്ചിരിക്കണം..

## നിങ്ങളുടെ കുട്ടിയുടെ കുത്തിവെയ്പ് റിക്കോർഡ് നൽകേണ്ട വിധം

നിങ്ങളുടെ കുട്ടിയുടെ കുത്തിവെയ്പുകൾ നാളിതുവരെ പൂർണ്ണമാണെങ്കിൽ താഴെപറയുന്ന ഉപാധികളോടെ പീൽ പബ്ലിക് ഹെൽത്തിനു നൽകുക..

- **905-799-7700** എന്ന നമ്പറിൽ ഞങ്ങളെ വിളിക്കുക. നിങ്ങൾക്ക് തർജിമ ആവശ്യമെങ്കിൽ ഞങ്ങൾ പ്രദാനം ചെയ്യും. നിങ്ങൾ കാലിഡണിൽ ആണു താമസമെങ്കിൽ **905-584-2216**. നമ്പറിൽ വിളിക്കുക.

- **www.immunizepeel.ca** യിലെ ഓൺ ലൈനിലൂടെ ചെയ്യാം.

- തപാൽ മുഖേനയോ നേരിട്ടോ നൽകുക

Immunization Records
Peel Public Health
7120 Hurontario Street,
P.O. Box 630
Mississauga, ON L5M 2C5

തപാൽ വഴി അയയ്ക്കുകയാണെങ്കിൽ കോപ്പി മാത്രം അയയ്ക്കുക. – ഒറിജിനൽ അയയ്ക്കാതിരിക്കുക. നേരിട്ടാണ് വരുന്നതെങ്കിൽ ഒറിജനൽ കൊണ്ടുവരുക. ഞങ്ങൾ കോപ്പി എടുത്ത് ഫയലിൽ വച്ച് ഒറിജിനൽ മടക്കി തരുന്നതാണ്.

## നിങ്ങളുടെ കുട്ടിയടെ കുത്തിവെയ്പുകൾ പൂർണ്ണമാക്കുവാൻ

നിങ്ങളുടെ കുട്ടിക്കു കുത്തിവെയ്പുകൾ വേണമെങ്കിൽ

1) കുത്തി വെയ്പിനുള്ള ഒരു സമയം കുടംബ ഡോക്ടറുമായി നിർണ്ണയിക്കുകയോ. വാക്ക്-ഇൻ ക്ലിനിക്കിൽ പോകുകയോ ചെയ്യുക.
2) കുട്ടിക്ക് കുത്തിവെയ്പു നടത്തികഴിഞ്ഞാൽ ഉടൻ തന്നെ വിവരം പീൽ പബ്ലിക് ഹെൽത്തിനെ അറിയിക്കുക.

## വിദ്യാലയത്തിൽ സംബന്ധിക്കുവാൻ ഉള്ള അനുമതി.

ഇന്നത്തെ നിലവാരം അനുസരിച്ചുള്ള കുത്തിവെയ്പുകൾ ഇല്ലാത്ത കുട്ടികളെ വിദ്യാലയത്തിൽ പോകാൻ ഒരു പക്ഷെ അനുവദിക്കില്ല. ഇങ്ങനെ സംഭവിക്കാതിരിക്കാൻ കുട്ടിയുടെ കുത്തിവെയ്പ് വിവരം പൂർണ്ണമാക്കാൻ പീൽ പബ്ലിക് ഹെൽത്ത് നിങ്ങളെ സഹായിക്കുന്നതാണ്.

## കാനഡക്കു പുറത്തു നടന്ന കുത്തിവെയ്പുകൾ

- പീൽ പബ്ലിക് ഹെൽത്ത് സൗജന്യമായി കുത്തിവെയ്പു വിവരങ്ങൾ തർജിമ ചെയ്യുന്നതാണ്. കുട്ടിയുടെ റിക്കോർഡ് തർജിമ ചെയ്യുവാൻ വേണ്ടി **905-799-7700** എന്ന നമ്പറിൽ വിളിക്കുക. നിങ്ങൾ കാലിഡണിൽ ആണു താമസമെങ്കിൽ **905-584-2216** എന്ന നമ്പറിൽ വിളിക്കുക.

## ഓഹിപ്പ് കാർഡില്ലേ?

നിങ്ങളുടെ കുട്ടിക്ക് ഒൻറാരിയോ ഹെൽത്ത് കാർഡ് **(OHIP)** ഇല്ലായെങ്കിൽ മകനെയോ/മകളെയോ ഞങ്ങൾ സൗജന്യമായി കുത്തി വെക്കുന്നതായിരിക്കും.

- സമയം നിശ്ചയിക്കുവാനായി പീൽ പബ്ലിക് ഹെൽത്തിനെ **905-799-7700** എന്ന നമ്പറിൽ വിളിക്കുക. നിങ്ങൾ കാലിഡണിൽ ആണു താമസമെങ്കിൽ **905-584-2216** എന്ന നമ്പറിൽ വിളിക്കുക.

## കുത്തിവെയ്പുകൾ നിങ്ങളുടെ കുട്ടിയെ സംരക്ഷിക്കും

- ഈ കുത്തിവെയ്പുകൾ ഘോരമായ പകർച്ച വ്യാധികളിൽ നിന്ന് നിങ്ങളുടെ കുട്ടിയെ സംരക്ഷിക്കും.
- മകൻെറയോ/മകളുടെയോ ജീവിതകാലം മുഴുവനും കുത്തിവെയ്പുകൾ നടത്തികൊണ്ടിരിക്കുക.
- ഓരോ പ്രവശ്യവും നിങ്ങളുടെ കുട്ടിക്ക് കുത്തിവെയ്പ് ലഭിക്കുമ്പോഴും ആ റിക്കോർഡ് പീൽ പബ്ലിക് ഹെൽത്തിന് അയച്ചിരിക്കുക.
- നിങ്ങൾക്ക് എന്തുചോദ്യമുണ്ടെങ്കിലും ദയവായി ഞങ്ങളെ **905-799-7700** എന്ന നമ്പറിൽ വിളിക്കുക. നിങ്ങൾ കാലിഡണിൽ ആണു താമസമെങ്കിൽ **905-584-2216** എന്ന നമ്പറിൽ വിളിക്കുക. തർജിമ ആവശ്യമെങ്കിൽ ഞങ്ങൾ അതു പ്രദാനം ചെയ്യും. നിങ്ങളുടെ ഭാഷ ഏതെന്ന് ഏജൻറിനോട് പറഞ്ഞാൽ ആ ഭാഷയിലുള്ള തർജിമകാരനുമായി നിങ്ങളെ ബന്ധപ്പെടുത്തും.

നന്ദിയോടെ.

ഇമ്യൂണൈസേഷൻ റിക്കോർഡ് ടീം
പീൽ പബ്ലിക് ഹെൽത്ത്

Region of Peel
Working for you
Public Health